അഫ്ദൽ ഹ്രസ്വചിത്രം കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ജേതാവ് സുഭാഷ് ചന്ദ്രനും സിനിമാഗാനരചയിതാവ് റഫീഖ് അഹമ്മദും ചേർന്ന് റിലീസ് ചെയ്യുന്നു.

ഫാസിസത്തിനെതിരെ നന്മയുടെ കഥ പറഞ്ഞ് റിയാസിന്റെ അഫ്ദൽ

തളിപ്പറമ്പ: മതങ്ങളുടെ പേരിൽ രാഷ്ട്രീയ നേട്ടത്തിനായി ഫാസിസ്റ്റ് മുതലെടുപ്പ് നടത്തുന്നവർക്കെതിരെ നന്മയുടെ കഥ പറയുന്ന ഹ്രസ്വചിത്രം അഫ്ദർ പുറത്തിറങ്ങി. മാധ്യമ പ്രവർത്തകനും നടനുമായ റിയാസ് കെ.എം.ആർ. രചനയും സംവിധാനവും നിർവഹിച്ച ചിത്രമാണിത്. കൊല്ലത്ത് നടന്ന ചടങ്ങിൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ് സുഭാഷ് ചന്ദ്രനും സിനിമാഗാനരചയിതാവും കവിയുമായ റഫീഖ് അഹമ്മദും ചേർന്ന് അഫ്ദലിന്റെ റിലീസിംഗ് നിർവഹിച്ചു. നവാഗതരായ വയലിൽ അവതരിപ്പിച്ച ഉമ്മയുടെയും അർജുൻ എന്ന പത്തുവയസുകാരൻ അവതരിപ്പിച്ച ആദി എന്ന ചിലർ പറഞ്ഞ് പരത്തിയ തെറ്റിദ്ധാരണയുടെ പേരിൽ സമൂഹത്തിൽ നിന്നും അവഗണന നേരിടേണ്ടിവരുന്ന കഥാപാത്രത്തിന്റെയും പശ്ചാത്തലത്തിലാണ് കഥ മുന്നോട്ട് നീങ്ങുന്നത്. റിയാസ് ഇതിൽ വിനയൻ മാഷെന്ന സോഷ്യലിസ്റ്റ് ആശയം മുറുകെ പിടിക്കുന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്. അമൽ സന്തോഷ്, ബേബി മെസ്ന, രമാനന്ദ്, ഹസൻ എന്നിവരും ചിത്രത്തിൽ വേഷമിടുന്നു.

കെ.എം.ആർ. ടാലന്റ് ഫാക്ടറി നിർമ്മിച്ച ഹ്രസ്വചിത്രത്തിന്റെ ഛായാഗ്രഹണം ഗോപകുമാറാണ്. ഹുറൈസ് മൊയ്തു കലാസംവിധാനവും നവീൻരാജ് ലൈറ്റിങ്ങും നിർവഹിച്ചിരിക്കുന്നു. ഷറഫുദീൻ, കെ. മുഹമ്മദ് അനസ്, അനിൽകുറുമാത്തൂർ, ബാബു പൂക്കോത്ത് എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ. കുറുമാത്തൂർ, തളിപ്പറമ്പ, പരിയാരം എന്നിവിടങ്ങളിലായിരുന്നു ചിത്രീകരണം. റിലീസിംഗ് ചടങ്ങിൽ മാധ്യമ പ്രവർത്തകർ ബിജു പൗലോസ്, കെ.കെ. ഷനിത്ത്, എൻ.കെ. ഷൈജു, സജിത്ത് കോഴിക്കോട്, സൗമ്യ സജി, ജൂലീറ്റ വർഗീസ് എന്നിവരും സംബന്ധിച്ചു. അഫ്ദർ ഡിസംബർ അവസാനം യുട്യൂബിലും റിലീസ് ചെയ്യും. ഫോൺ: 7511101258.

പരിപ്പായി കടവിന് ഭിത്തി കെട്ടണമെന്നാവശ്യപ്പെട്ട് നിവേദനം

ശ്രീകണ്ഠപുരം: ചെങ്ങളായി പഞ്ചായത്തിലെ പരിപ്പായി-ചുണ്ടച്ചാൽ കടവ് പുഴക്കര ഭിത്തികെട്ടി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്തംഗം മൂസാൻകുട്ടി തേറലായി മുഖ്യമന്ത്രിക്കും ജലവിഭവ മന്ത്രിക്കും നിവേദനം നൽകി. ഗ്രാമപഞ്ചായത്തിൽപ്പെട്ട ചുണ്ടച്ചാൽകടവ് വളപട്ടണം പുഴയുടെ കര ഭാഗമാണ്. കരയിടിച്ചൽ കാരണം ഇവിടെ ധാരാളം കരഭാഗം പുഴയിൽ പോയിട്ടുണ്ട്. ഇത് കാരണം ഈ സ്ഥലത്തുള്ള കൃഷി നശിച്ചുപോയി. കൂടുതൽ കരഭാഗം ഇടിയുന്നതിന് മുമ്പ് ഇവിടെ കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കണമെന്നും തൊട്ടടുത്തുള്ള ക്ഷേത്രത്തിലെ ഭക്തജനങ്ങൾ ആചാരകുളിക്ക് ഉപയോഗിക്കുന്ന കടവു കൂടിയാണിതെന്നും നിവേദനത്തിൽ പറയുന്നു. ഭിത്തി കെട്ടുന്നതിനായി നേരത്തെ തയ്യാറാക്കിയ 34 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഓഫീസിലുണ്ട്. ഭരണാനുമതി നൽകുവാൻ ആവശ്യമായ നടപടി സ്വീകിരക്കണമെന്നും കാണിച്ചാണ് മുഖ്യമന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, കെ.സി.ജോസഫ് എം.എൽ.എ എന്നിവർക്ക് മൂസാൻകുട്ടി തേറലായി നിവേദനം നൽകിയത്.

എസ്.ടി.യു ജില്ലാ കൗൺസിൽ മീറ്റ്

കണ്ണൂർ: തൊഴിൽ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ഗവൺമെന്റ് മാറ്റം ഉൾക്കൊള്ളണമെന്ന് എസ്.ടി.യു ദേശീയ ജനറൽ സെക്രട്ടറി അഡ്വ. എം. റഹ്മത്തുള്ള എസ്.ടി.യു ജില്ലാ കൗൺസിൽ മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡണ്ട് അഡ്വ. പി. മഹമൂദ് അധ്യക്ഷത വഹിച്ചു. ദേശീയ വൈസ് പ്രസിഡണ്ട് എം.എ.കരീം മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ സ്വാഗതം പറഞ്ഞു. പി.പി. ഖാലിദ്, ഇ.എ. കരീം, വി.കെ.സി. മജീദ്, പി. ഹംസഹാജി, സി. ഉമ്മർ, പാലക്കൽ സാഹിർ, വി.പി. റഷീദ്, ടി.കെ. ഹുസൈൻ, എ.പി. ബദറുദീൻ, വി. ജലീൽ, പി.പി. നാസർ, കെ. മഹമൂദ്, എ.പി. ഇബ്രാഹിം, കെ.പി. ഖാദർ, ത്രേസ്യാമ്മ സെബാസ്റ്റ്യൻ, പി.കെ. ജാഫർ, പി. എറമു, എം.കെ. ഷാജിർ, നാസർ ഹൈവേ, പി. മഹമൂദ്ഹാജി, ടി. അബ്ദു, എം. ഹമീദ്, മുസ്തഫ ബത്താലി സംസാരിച്ചു.

സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി തേർത്തല്ലിയിൽ സംഘടിപ്പിച്ച ചരിത്ര ചിത്ര പ്രദർശനം പി.വി.ബാബുരാജ് ഉദ്ഘാടനം ചെയ്യുന്നു

സൗജന്യ മെഡിക്കൽ ക്യാമ്പ്

തളിപ്പറമ്പ: കനിവ് യുവ കൂട്ടായ്മ എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച നടത്തി വരുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് ഡിസംബർ മൂന്നിന് എട്ട് മണി മുതൽ 12 മണി വരെ കാക്കാത്തോട് കനിവ് ഓഫീസ് പരിസരത്ത് നടക്കും. ഷുഗർ, പ്രഷർ, തൈറോയ്ഡ് എന്നിവയുടെ പരിശോധന നടക്കും. സംഘാടക സമിതി യോഗത്തിൽ കനിവ് പ്രസിഡണ്ട് കെ.കെ. ഖാലിദ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി അബ്ദുൽ ഷുക്കൂർ സ്വാഗതം പറഞ്ഞു. മുഹമ്മദ് സിറാജ്, ഹാഷിം സംസാരിച്ചു. ഷഫീർ നന്ദി പറഞ്ഞു. ബുക്കിംഗിന് : 8157817259, 9847203806.

മുജാഹിദ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

കണ്ണൂർ: മുജാഹിദ് ഒമ്പതാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കണ്ണൂരിൽ സംഘടിപ്പിക്കുന്ന എം.ജി.എം ജില്ലാ വനിതാ സമ്മേളനവും ബാലവേദിയുടെ കളിച്ചങ്ങാടവും കണ്ണൂർ സാധു കല്യാണ മണ്ഡപത്തിൽ നടക്കുന്നതിനാൽ ഡിസംബർ രണ്ടിന് ജില്ലയിലെ മുഴുവൻ മുജാഹിദ് മദ്രസകൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കുമെന്ന് കെ.എൻ.എം. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എം.ടി. അബ്ദുസമദ് സുല്ലമി അറിയിച്ചു.

39 വർഷത്തെ സേവനത്തിന് ശേഷം ശശിധരൻ ഇന്ന് വിരമിക്കുന്നു



ആലക്കോട്: തപാൽ സർവീസിൽ 39 വർഷത്തെ സേവനത്തിന് ശേഷം ആലക്കോട് പോസ്റ്റ്ഓഫീസിലെ പോസ്റ്റ്മാൻ ശശിധരൻ കരുമാലിൽ ഇന്ന് സർവീസിൽ നിന്ന് വിരമിക്കുന്നു. അരങ്ങം സ്വദേശിയായ ശശിധരൻ 1978ൽ നെല്ലിപ്പാറ പോസ്റ്റ് ഓഫീസിൽ ഇ.ഡി.പോസ്റ്റ്മാനായാണ് ജോലിയിൽ പ്രവേശിച്ചത്. 2006ൽ ഡിപ്പാർട്ടുമെന്റൽ പോസ്റ്റ്മാനായി ആലക്കോട് നിയമിതനായി. നെല്ലിപ്പാറയിലും ആലക്കോടുമായി നാല് പതിറ്റാണ്ടോളം ജോലി ചെയ്ത് ജനകീയ പോസ്റ്റ്മാൻ എന്ന പരിവേഷത്തോടെയാണ് ശശിധരൻ തപാൽ വകുപ്പിൽ നിന്ന് വിരമിക്കുന്നത്. സഹപ്രവർത്തകരുടെ ആഭിമുഖ്യത്തിൽ യാത്രയയപ്പും നൽകുന്നുണ്ട്.

ചരിത്ര ചിത്രപ്രദർശനം സംഘടിപ്പിച്ചു

ആലക്കോട്: ഡിസംബർ 7, 8, 9 തീയതികളിൽ കാർത്തികപുരത്ത് നടക്കുന്ന സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി തേർത്തല്ലിയിൽ സംഘടിപ്പിച്ച ചരിത്ര ചിത്ര പ്രദർശനം ആലക്കോട് ഏരിയ സെക്രട്ടറി പി.വി.ബാബുരാജ് ഉദ്ഘാടനം ചെയ്തു. പി. എം.മോഹനൻ അധ്യക്ഷനായി. കുര്യൻ തോമസ്, കെ.ഹരീഷ്, പി. സന്ദീപ് സംസാരിച്ചു. ജോസ് പുള്ളീറ്റ് സ്വാഗതം പറഞ്ഞു.

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിൽ യു.പി വിഭാഗം നാടോടി നൃത്തത്തിൽ എ ഗ്രേഡോടെ ഒന്നാംസ്ഥാനവും ഭരതനാട്യത്തിൽ എ ഗ്രേഡോടെ മൂന്നാംസ്ഥാനവും കരസ്ഥമാക്കിയ ആദിത്യ സഹദേവൻ (അണ്ടിക്കളം). പുഷ്പഗിരി സെന്റ് ജോസഫ്സ് സ്കൂൾ വിദ്യാർത്ഥിനിയാണ്.

മാങ്ങാട്ട് എൽ.പി സ്കൂളിലെ പുതിയ ബസിന്റെ ഉദ്ഘാടനം കണ്ണപുരം എസ്.ഐ ധനഞ്ജയദാസ് നിർവഹിക്കുന്നു

സ്കൂൾ ബസ് ഉദ്ഘാടനം

കല്യാശേരി: മാങ്ങാട്ട് എൽ.പി. സ്കൂളിൽ വിദ്യാലയ വികസന നിധിയിലൂടെ സ്വരൂപിച്ച തുകയും പൊതുസംഭാവനയും ഉപയോഗിച്ച് പുതുതായി വാങ്ങിയ സ്കൂൾ ബസിന്റെ ഉദ്ഘാടനം കണ്ണപുരം എസ്.ഐ ധനഞ്ജയദാസ് നിർവഹിച്ചു. പി.ടി.എ പ്രസിഡണ്ട് എൻ. സതീശൻ അധ്യക്ഷത വഹിച്ചു. കല്യാശേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ. ലക്ഷ്മണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ഒ.വി. ഗീത, ടി.ടി. ബാലകൃഷ്ണൻ, എം.വി. ഗോപാലകൃഷ്ണൻ, സി. വി. നാരായണൻ സംസാരിച്ചു. ടി. ദിലീപ് കുമാർ സ്വാഗതവും കെ. വി. ദീപകുമാർ നന്ദിയും പറഞ്ഞു.

ശ്രീകണ്ഠപുരത്ത് സംഘടിപ്പിച്ച 'പാതിരാസൂര്യൻ' പുസ്തക ചർച്ചയിൽ നിന്ന്

'പാതിരാസൂര്യൻ' പുസ്തക ചർച്ച സംഘടിപ്പിച്ചു

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം സാഹിത്യ തീരത്തിൽ കെ.വി. സിന്ധുവിന്റെ 'പാതിരാ സൂര്യൻ' എന്ന കവിതാ സമാഹാരത്തിന്റെ പുസ്തക ചർച്ച നടന്നു. സാഹിത്യകാരൻ എൻ. പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. സാഹിത്യം, ജാതിമത ഭേദങ്ങളെ അപ്രസക്തമാക്കുന്നതും മനുഷ്യരെ ഒന്നിപ്പിക്കുന്ന പ്രതിഭാസമാണെന്നും അതിനാണ് എഴുത്തുകാർ ശ്രമിക്കേണ്ടതെന്നും അദേഹം പറഞ്ഞു. പത്മാനാഭൻ കാവുമ്പായി അധ്യക്ഷനായി. ബഷീർ പെരുവളത്തുപറമ്പ, രമേശൻ ബ്ലാത്തൂർ, കരിമ്പം കെ.പി. രാജീവൻ, ഇ.ആർ. പുരുഷോത്തമൻ, ബാബുരാജ് മലപ്പട്ടം, കെ.കെ. രവി, കെ.കെ. കൃഷ്ണൻ, കെ. സലാഹുദീൻ, രാഘവൻ കാവുമ്പായി, കെ.പി സിന്ധു, ഒ.സി. ചന്ദ്രൻ സംസാരിച്ചു.

അനുശോചിച്ചു

തളിപ്പറമ്പ: ജുമുഅത്ത് പള്ളി ട്രസ്റ്റ് കമ്മിറ്റി മുൻ വൈസ് പ്രസിഡണ്ടും തളിപ്പറമ്പ യതീംഖാന വൈസ് പ്രസിഡണ്ടുമായ കെ. അബ്ദുൽ സലാമി (മാനേജർ അബു)ന്റെ നിര്യാണത്തിൽ ട്രസ്റ്റ് കമ്മിറ്റിയും യതീംഖാന കമ്മിറ്റിയും അനുശോചിച്ചു. കെ.പി. മുഹമ്മദ്കുഞ്ഞിഹാജി അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ ജുമാഅത്ത് പള്ളി ഖത്തീബ് ഉമർ നദ്‌വി തോട്ടീക്കൽ പ്രാർത്ഥന നടത്തി. മുസ്തഫ മുക്കോല, സലീം കൊടിയിൽ, വി.കെ. അബ്ദുൽ ഗഫൂർഹാജി, സി. സഊദ്, സി. പി.വി അബ്ദുള്ള, കെ. മുഹമ്മദ് ബഷീർ, പി.എം. അബ്ദുൽ അസീസ്ഹാജി, കെ.വി. അബൂബക്കർഹാജി, കെ.എസ്. റിയാസ്, ശഫീഖ് ഹുദവി, ഹൈദർ ഫൈസി, ജാബിർ തങ്ങൾ, മിഖ്ദാദ് ചപ്പൻ സംസാരിച്ചു.

ആലക്കോട് ലയൺസ് ക്ലബ് സംഘടിപ്പിച്ച യുവ സൂപ്പർ ക്വിസ് വിജയികൾക്കുള്ള സമ്മാനദാനം അഡ്വ. ഡെന്നീസ് തോമസ് നിർവഹിക്കുന്നു.

ലയൺസ് യുവ സൂപ്പർ ക്വിസ്; ആർഷലിന് ഒന്നാംസ്ഥാനം

ആലക്കോട്: ആലക്കോട് ലയൺസ് ക്ലബ് കണ്ണൂർ, കാസർക്കോട്, കോഴിക്കോട് , വയനാട് ജില്ലകളിലെ ഹയർസെക്കണ്ടറി വിഭാഗം വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ലയൺസ് യുവ സൂപ്പർ ക്വിസിൽ തളിപ്പറമ്പ് മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിലെ ആർഷൽ ഐസക് തോമസ് ഒന്നാംസ്ഥാനം നേടി. രണ്ടാംസ്ഥാനം കൂത്തുപറമ്പ് ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ കെ. നിവേദ്, അമൽജീവ് എന്നിവരും മൂന്നാംസ്ഥാനം പാല ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ വി.ജി. നീരജ്, ഷഹന ഷെറി എന്നിവരും നേടി. ട്രോഫികളും കാഷ് അവാർഡും ലയൺസ് ഡിസ്റ്റിക്ട് ഗവർണ്ണർ അഡ്വ. ഡെന്നീസ് തോമസ് വിതരണം ചെയ്തു. ക്ലബ് പ്രസിഡണ്ട് സി. ജെ. ജോൺ അധ്യക്ഷത വഹിച്ചു. ബിന്നി മാത്യു, അഡ്വ. ബെന്നി സെബാസ്റ്റ്യൻ, കെ.കെ. വേണുഗോപാൽ, സി.യു.ഇമ്മാനുവൽ, പി.ടി. ലൂക്കോസ്, സോബി ചെറിയാൻ, ജേക്കബ് ആന്റണി പ്രസംഗിച്ചു.

മിലാദ് മഹർജാൻ ഇന്ന് മുതൽ

തളിപ്പറമ്പ: സലാമ സുന്നി സെക്കണ്ടറി മദ്രസ കമ്മിറ്റി മിലാദ് മഹർജാൻ ഇന്ന് മുതൽ രണ്ടുവരെ തളിപ്പറമ്പ് സലാമത്ത് നഗറിൽ നടക്കും. ഇന്ന് വൈകീട്ട് 6.30ന് മഹ്ളറത്തുൽ ബദരിയ്യയും സ്വലാത്തും. നാളെ രാവിലെ 4.30ന് മൗലിദ്ജൽസ. 7 മണിക്ക് ഘോഷയാത്ര. വൈകീട്ട് 6.30ന് എസ്.ജെ.എ ജില്ലാ പ്രസിഡണ്ട് കെ.പി.കമാലുദ്ദീൻ മൗലവി പരിപാടി ഉദ്ഘാടനം ചെയ്യും. വി.വി. മുഹമ്മദ് അസ്‌ലം സഅദി അധ്യക്ഷത വഹിക്കും. 2ന് പരിപാടി എസ്.എസ്.എഫ് ജില്ലാ ഫിനാൻസ് സെക്രട്ടറി എം.മുഹമ്മദ്കുഞ്ഞി അമാനി ഉദ്ഘാടനം ചെയ്യും. പനാമ മുസ്തഫ ഹാജി അധ്യക്ഷത വഹിക്കും. മദ്രസ വിദ്യാർത്ഥികളുടെ ഇശൽ വിരുന്ന്, ദഫ് പ്രദർശനം, ബുർദ മജ്ലിസ്, ഖവാലി, ദഫ്മുട്ട് എന്നിവയുണ്ടായിരിക്കും.

സൃഷ്ടികൾ ക്ഷണിച്ചു

പാപ്പിനിശേരി: പാപ്പിനിശേരി എൽ.പി സ്കൂൾ (ഗുരുക്കൾ സ്മാരക എൽ.പി സ്കൂൾ) വിദ്യാഭ്യാസ സംരക്ഷണ വികസന സമിതിയുടെ നേതൃത്വത്തിൽ സ്കൂളിന്റെ 104-ാം വാർഷികാഘോഷവും പൂർവ്വ വിദ്യാർത്ഥി സംഗമവും സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായുള്ള സോവനീറിലേക്ക് പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും സാഹിത്യാഭിരുചിയുള്ളവരിൽ നിന്നും സൃഷ്ടികൾ ക്ഷണിക്കുന്നു. അയക്കേണ്ട വിലാസം. ചീഫ് എഡിറ്റർ, C/o. ഹെഡ്മിസ്ട്രസ്, പാപ്പിനിശേരി എൽ.പി സ്കൂൾ, വേളാപുരം, പാപ്പിനിശേരി 670561. ഫോൺ: 8157961021, 9495950478.

അറിയിപ്പ്

തളിപ്പറമ്പ: നബിദിനത്തോടനുബന്ധിച്ചുള്ള പൊതു അവധി ആയതിനാൽ രണ്ടിന് നടത്താനിരുന്ന ഡിസംബർ മാസത്തെ താലൂക്ക് വികസന സമിതി യോഗം ഉണ്ടായിരിക്കുന്നതല്ല.

ആദിത്യ അഞ്ചാം തവണയും കേരള ടീമിൽ

ആലക്കോട്: ഡിസംബർ ആറ്, ഏഴ്, എട്ട് തീയതികളിൽ ഉത്തർപ്രദേശിൽ നടക്കുന്ന ദേശീയ ഖോഖോ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരള ടീമിലേക്ക് കാർത്തികപുരം സ്വദേശിനിയായ വിദ്യാർത്ഥിനി തിരഞ്ഞെടുക്കപ്പെട്ടു. കാർത്തികപുരത്തെ തുണ്ടത്തിൽ ജയകുമാർ-ദീപ ദമ്പതികളുടെ മകൾ ആദിത്യ (15)യാണ് തിരഞ്ഞെടുക്കപ്പെട്ടത്. മലപ്പുറം നിറമരുതൂർ ഗവ. ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ആദിത്യ തുടർച്ചയായി അഞ്ചാം തവണയാണ് ദേശീയ ചാമ്പ്യൻഷിപ്പിൽ മൽസരിക്കാനുള്ള യോഗ്യത നേടുന്നത്.

ഊരത്തൂർ പ്രീമിയർ ലീഗ് ഉദ്ഘാടനം ഇരിക്കൂർ എസ്.ഐ രജീഷ് തെരുവത്ത്പീടികയിൽ കളിക്കാരെ പരിചയപ്പെടുന്നു

ഊരത്തൂർ പ്രീമിയർ ലീഗ് തുടങ്ങി

ശ്രീകണ്ഠപുരം: ഫുട്ബോൾ ഫ്രണ്ട്സ് ഊരത്തൂരിന്റെ നേതൃത്വത്തിലുള്ള ഒന്നാമത് പ്രീമിയർ ലീഗ് ഫുട്ബോൾ തുടങ്ങി. ഇരിക്കൂർ എസ്.ഐ രജീഷ് തെരുവത്ത് പീടികയിൽ ഉദ്ഘാടനം ചെയ്തു. പടിയൂർ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം.എം.മോഹനൻ അധ്യക്ഷത വഹിച്ചു. അക്ഷയ്. വി.വി.അഭിഷേക, വിഷ്ണു, കെ.ശരത്ത് തുടങ്ങിയവർ സംസാരിച്ചു.

സുധീഷ് പരിയാരത്തെ മൂന്നിന് അനുമോദിക്കും

പരിയാരം: ഹൃദയസംബന്ധമായ ശസ്ത്രക്രിയക്ക് പിഞ്ചുകുഞ്ഞിനെ പരിയാരത്ത് നിന്നും തിരുവനന്തപുരത്ത് എത്തിക്കാൻ പ്രയത്നിച്ച റെഡ് ഈസ് ബ്ലഡ് കേരളയുടെ സംസ്ഥാന സെക്രട്ടറി സുധീഷ് പരിയാരത്തെ അനുമോദിക്കും. തൊണ്ടന്നൂർ മാതൃകാ സ്വയംസഹായ സംഘമാണ് മൂന്നിന് വൈകീട്ട് അഞ്ച് മണിക്ക് തൊണ്ടുന്നൂരിൽ സുധീഷിനെ അനുമോദിക്കുന്നത്. തളിപ്പറമ്പ് പ്രസ് ഫോറം പ്രസിഡണ്ട് എം.കെ.മനോഹരൻ ഉപഹാരം നൽകും.

കാസർക്കോട് സ്വദേശി ഫാത്തിമ ലൈബ എന്ന പിഞ്ചുകുഞ്ഞിനെ അതിവേഗം ആംബുലൻസിൽ തിരുവനന്തപുരത്തേക്ക് എത്തിച്ചതിന്റെ ചാലകശക്തിയാണ് സുധീഷ്. സുധീഷും റെഡ് ഈസ് ബ്ലഡ് പ്രവർത്തകരും ചേർന്നാണ് തടസങ്ങൾ ഒഴിവാക്കി ആംബുലൻസിന് വഴിയൊരുക്കിയത്.

നെടുമുടിവേണു സംവാദവും നർമ്മ പ്രഭാഷണ മൽസരവും സംഘടിപ്പിച്ചു

കണ്ണൂർ: ചലച്ചിത്ര നടൻ നെടുമുടി വേണുവിന്റെ അഭിനയ ജീവിതത്തിന്റെ 40-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി നർമ്മവേദി, അദേഹം അവതരിപ്പിച്ച അവിസ്മരണീയ കഥാപാത്രങ്ങളെ കുറിച്ച് സംവാദവും ദാമ്പത്യ ജീവിതത്തിലെ സൗന്ദര്യ പിണക്കങ്ങൾ എന്ന വിഷയത്തിൽ നർമ്മ ഭാഷണ മൽസരവും സംഘടിപ്പിച്ചു. ടി.എം. എൻ. നമ്പ്യാർ പരിപാടി ഉദ്ഘാടനം ചെയ്തു. കെ.പി. ശ്രീധരൻ അധ്യക്ഷനായി. ആർ. പ്രഭാകരൻ, കെ. ശശിധരൻ, ടി.കെ. അശോകൻ, അബൂട്ടി മണക്കായി പ്രസംഗിച്ചു.

എ.സി. സനാതനൻ, രാജൻ ബക്കളം, എഫ് റിച്ചാർഡ്, വി. ഹസൻ, വിനോദ് കൃഷ്ണൻ, പി.വി. പ്രമീള, കെ. സൗമിനി, കെ. വല്ലി എന്നിവർ വിവിധ മൽസരങ്ങളിൽ വിജയികളായി. കെ.വി. മോഹനൻ നമ്പ്യാർ പുരസ്കാരങ്ങൾ സമ്മാനിച്ചു.

നബിദിനാഘോഷം

ധർമ്മശാല: കോടല്ലൂർ മുസ്ലിം ജമാഅത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നബിദിനാഘോഷം നാളെയും മറ്റന്നാളുമായി നടക്കും. നാളെ രാവിലെ 7.30ന് എം.പി. ഹംസഹാജി പതാക ഉയർത്തും. തുടർന്ന് നബിദിന ഘോഷയാത്ര നടക്കും. രണ്ടിന് ഉച്ചക്ക് മൗലീദ് പാരായണവും നടക്കും. രാത്രി ഏഴ് മണിക്ക് പൊതുസമ്മേളനം അബ്ദുൾനാസർ അൽഹാദി ഉദ്ഘാടനം ചെയ്യും. അയ്യൂബ് ദാരിമി പൂമംഗലം മുഖ്യപ്രഭാഷണം നടത്തും. എം.പി. ഹംസഹാജി അധ്യക്ഷനാകും. തുടർന്ന് മദ്രസ വിദ്യാർത്ഥികളുടെ കലാവിരുന്നും ദഫ് പ്രദർശനവും അരങ്ങേറും. പി.പി. ഉമ്മർ, പി.കെ. മമ്മു, മുഹ്‌യുദീൻ കുട്ടി മൗലവി എന്നിവർ കുട്ടികൾക്ക് ഉപഹാരങ്ങൾ വിതരണം ചെയ്യും.എം.ശിഹാബ് സ്വാഗതവും കെ.പി. അബ്ദുറഹ്മാൻ നന്ദിയും പറയും.

തളിപ്പറമ്പ ഖുവ്വത്തുൽ ഇസ്ലാം അറബി മദ്രസയിൽ നബിദിന സമ്മേളനത്തിന് തുടക്കം കുറിച്ച് പ്രസിഡണ്ട് കെ.പി.മുഹമ്മദ്കുഞ്ഞി ഹാജി പതാക ഉയർത്തുന്നു

സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി കാർത്തികപുരത്ത് നടന്ന വനിത-യുവജന-വിദ്യാർത്ഥി സംഗമം അഡ്വ.സി.എസ്.സുജാത ഉദ്ഘാടനം ചെയ്യുന്നു

വനിത-യുവജന-വിദ്യാർത്ഥി സംഗമം നടത്തി

ആലക്കോട്: കാർത്തികപുരത്ത് നടക്കുന്ന സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി കാർത്തികപുരത്ത് സംഘടിപ്പിച്ച വനിത-യുവജന-വിദ്യാർത്ഥി സംഗമം സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം അഡ്വ.സി.എസ്.സുജാത ഉദ്ഘാടനം ചെയ്തു. ഡെയ്സി ചെറിയാൻ അധ്യക്ഷത വഹിച്ചു. മനു തോമസ്, എൻ.എം.രാജു, ഷൈൻകുമാർ, കെ.എസ്.അമ്മുക്കുട്ടി, പ്രേമലത, കെ. എൻ.ശാരദാമ്മ, കെ.ഹരീഷ്, ഋഷികേശ്ബാബു, കെ.എസ്.ചന്ദ്രശേഖരൻ, സാജൻ കെ.ജോസഫ്, ടി.പ്രഭാകരൻ, പി.രവീന്ദ്രൻ, എം.എസ്.മിനി ടീച്ചർ, വി.ടി.ചെറിയാൻ പ്രസംഗിച്ചു. എ.ഡി.അനീഷ് സ്വാഗതം പറഞ്ഞു.

കാർത്തിക അടിയന്തിരം

തളിപ്പറമ്പ: കീഴാറ്റൂർ കൊളപ്രശേരി പുതിയ ഭഗവതി ക്ഷേത്രത്തിലെ ഈവർഷത്തെ കാർത്തിക അടിയന്തിരം ഡിസംബർ മൂന്നിന് ആഘോഷിക്കും. രാവിലെ 11 മണിക്ക് പാലുംഅരിയും കയറ്റൽ. തുടർന്ന് കലംവരവ്, വൈകുന്നേരം ആറ് മണിക്ക് സന്ധ്യാവേല. തുടർന്ന് മുതിർച്ച, രാത്രി എട്ട് മണിക്ക് ചൊവ്വാ വിളക്കോടുകൂടി സമാപിക്കും.

സാമൂഹ്യവിരുദ്ധർക്കെതിരെ നടപടി വേണമെന്ന്

കുറുമാത്തൂർ: നാടുകാണി-കാലിക്കടവ് റോഡരികിൽ അറവുമാലിന്യങ്ങളും കോഴി-മൽസ്യ മാലിന്യങ്ങളും തള്ളുന്നതും വൈകുന്നേരങ്ങളിൽ വഴിയാത്രക്കാരെ പോലും ഭീതിയിലാഴ്ത്തി പരസ്യ മദ്യപാനവും പതിവായിരിക്കുകയാണ്. ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന സാമൂഹ്യവിരുദ്ധരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് അധികാരികൾ തയ്യാറാകണമെന്ന് കാലിക്കടവ് ക്രിയേറ്റീവ് സ്വാശ്രയ സംഘം വാർഷിക സമ്മേളനം അധികൃതരോട് ആവശ്യപ്പെട്ടു.

എം.ടി. ജനാർദനൻ അധ്യക്ഷനായി. എ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വി.എം. ജയിംസ്, പി.എ. ഇസ്മയിൽ സംസാരിച്ചു. കെ.എം. രാജീവൻ സ്വാഗതം പറഞ്ഞു. ഭാരവാഹികളായി കെ.എം. രാജീവൻ (സെക്രട്ടറി), എം.ടി. ജനാർദനൻ (പ്രസിഡണ്ട്) എന്നിവരെ തിരഞ്ഞെടുത്തു.

വാഹന ഉടമകളുടെ ശ്രദ്ധയ്ക്ക്

ഗ്ലാസിൽ പറ്റിപ്പിടിച്ചിരിക്കുന്ന ബോർവെൽ വെള്ളത്തിന്റെ കറകൾ 100% പൂർണ്ണമായും റിമൂവ് ചെയ്ത് കൊടുക്കുന്നു.

Shine
Old RTO Office Building
Katty Complex
Manna, Taliparamba
Mob: 9846448984

ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുടെ പോർട്ടൽ ഓഫീസ് പൊക്കുണ്ടിൽ കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി.നാരായണൻ ഉദ്ഘാടനം ചെയ്യുന്നു Advt